**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 871** **31-01-2024 - ൽ മറുപടിയ്ക്ക്**

**എസ്.സി ക്ഷേമ പദ്ധതികളിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എസ്.സി ക്ഷേമ പദ്ധതികളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി ഓപ്പറേഷൻ പ്രൊട്ടക്ടർ എന്ന പേരിൽ വിജിലൻസ് നടത്തിയ റെയ്ഡിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പേരും ക്രമക്കേടിന്റെ വിശദാംശങ്ങളും ഉൾപ്പെടെ ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി ക്ഷേമ പദ്ധതികളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ പ്രൊട്ടക്ടർ' എന്ന പേരിൽ വിജിലൻസ് 19/9/2023 ൽ റെയ്ഡ് നടത്തിയിരുന്നു. വിജിലൻസ് വകുപ്പിന്റെ ശിപാർശ സഹിതം റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു . വകുപ്പ് തലത്തിൽ പരിശോധന നടത്തി വരുന്നു . |
| (ബി) | വിജിലൻസിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് പട്ടികജാതി ക്ഷേമ പദ്ധതികളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ പ്രൊട്ടക്ടർ' എന്ന പേരിൽ വിജിലൻസ് 19/9/2023 ൽ റെയ്ഡ് നടത്തിയിരുന്നു. വിജിലൻസ് വകുപ്പിന്റെ ശിപാർശ സഹിതം റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു . വകുപ്പ് തലത്തിൽ പരിശോധന നടത്തി വരുന്നു . |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഓപ്പറേഷൻ പ്രൊട്ടക്ടർ

| ക്രമ നമ്പർ | മിന്നൽ പരിശോധന നടത്തിയ ജില്ല | മിന്നൽ പരിശോധന നമ്പർ | നടത്തിയ ഓഫീസ് | പദ്ധതിയുടെ പേരും കണ്ടെത്തിയ ക്രമക്കേടുകളും | |
|---|---|---|---|---|---|
| 1 | കാസർഗോഡ് | എസ്.സി 79/2023/കെ.എസ്.ഡി | ബ്ലോക്ക് പട്ടികജാതിവികസന ഓഫീസ് കാറഡുക്ക | | |
| | | | | സുരക്ഷിത ഭവനം പദ്ധതി | ഇല്ല |
| | | | | IX, X ക്ലാസുകളിലെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് | ഇല്ല |
| | | | | പഠനമുറി | ഇല്ല |
| | | | | ഭൂമിയില്ലാത്തവർക്ക് ഭൂമി | ഭൂമിയില്ലാത്തവർക്ക് ഭൂമി കണ്ടെത്തി നൽകുന്നതിന് ഇടനിലക്കാർ പ്രവർത്തിച്ചു വരുന്നതായു ഭൂമിക്ക് അമിത വില കാണിച്ച് സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നതിന് ഉദ്യോഗസ്ഥർ കൂട്ടു നിൽക്കുന്നതായും കാണുന്നു. |
| | | | | ഭൂമിയില്ലാത്തവർക്ക് ഭൂമി | ഇല്ല |
| 2 | കാസർഗോഡ് | എസ്.സി 80/2023/കെ.എസ്.ഡി | പട്ടിക ജാതി വികസന ഓഫീസ്, കാസറഗോഡ് | വിദ്യാർത്ഥികൾക്ക പഠന മുറി | ഇല്ല |
| | | | | സ്കോളർഷിപ്പ പ്രോജക്ട് | ഇല്ല |
| | | | | പഠനമുറി-ബ്ലോക്ക് | ഇല്ല |
| | | | | മുനിസ്പ്പാലിറ്റി | ഇല്ല |
| | | | | മുനിസിപ്പാലിറ്റി | ഇല്ല |
| | | | | ബ്ലോക്ക് | ഇല്ല |
| | | | | മുനിസ്പ്പാലിറ്റി | ഇല്ല |
| | | | | മുനിസ്പ്പാലിറ്റി | ഇല്ല |
| | | | | പഠന മുറി -ബ്ലോക്ക് | ഇല്ല |
| | | | | ലാപ് ടോപ്പ് | ഇല്ല |
| | | | | മുനിസിപ്പാലിറ്റി | ഇല്ല |
| | | | | വീട് വാസയോഗ്യമാക്കൽ | ഇല്ല |
| | | | | ചികിത്സാ ധന സഹായം | ഇല്ല |
| | | | | ചികിത്സാ ധന സഹായം | ഇല്ല |
| | | | | ഭവന പുനരുദ്ധാരണം | ഇല്ല |
| | | | | മുനിസിപ്പാലിറ്റി | ഇല്ല |
| | | | | ലാപ് ടോപ്പ് | ഇല്ല |
| | | | | വയോജനങ്ങൾക്ക് കട്ടിൽ | ഇല്ല |
| | | | | പഠന മുറി -ബ്ലോക്ക് | ഇല്ല |
| 3 | കാസർഗോഡ് | എസ്.സി 81/2023/കെ.എസ്.ഡി | ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, കാഞ്ഞങ്ങാട് | മെറിറ്റോറിയൽ സ്കോളർഷിപ്പ്. | ഇല്ല |
| | | | | വീട് വാസയോഗ്യമാക്കൽ | ഇല്ല |
| | | | | ഫർണ്ണിച്ചർ | ഇല്ല |
| | | | | വയോജനങ്ങൾക്ക കട്ടിൽ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | | ഭൂമി വാങ്ങൽ | ഇല്ല |
| | | | | പഠനമുറി(ദുർബല വിഭാഗം) | ഇല്ല |
| | | | | പഠനമുറി(ദുർബല വിഭാഗം) | ഇല്ല |
| | | | | സ്കോളർഷിപ്പ്. | ഇല്ല |
| | | | | വീട് വാസയോഗ്യമാക്കൽ | ഇല്ല |
| | | | | ഭൂമി വാങ്ങൽ | ഇല്ല |
| | | | | ലാപ് ടോപ്പ് | ഇല്ല |
| | | | | സ്കോളർഷിപ്പ്. | ഇല്ല |
| | | | | പഠനമുറി | ഇല്ല |
| | | | | വീട് വാസയോഗ്യമാക്കൽ | ഇല്ല |
| | | | | പ്രീമെട്രിക്സ്കോളർഷിപ്പ് | ഇല്ല |
| | | | | ഫർണ്ണിച്ചർ | ഇല്ല |
| | | | | ലാപ് ടോപ്പ് | ഇല്ല |
| | | | | ഭവന നിർമ്മാണം | ഇല്ല |
| | | | | ഭൂമി വാങ്ങൽ | ഇല്ല |
| | | | | ലാപ് ടോപ്പ് | ഇല്ല |
| | | | | ബിരുദാനന്തര ബിരുദ, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | ഇല്ല |
| | | | | പഠനമുറി | ഇല്ല |
| | | | | വീട് വാസയോഗ്യമാക്കൽ | ഇല്ല |
| | | | | ഫർണ്ണിച്ചർ | ഇല്ല |
| | | | | ഭൂമി വാങ്ങൽ | ഇല്ല |
| | | | | പ്രീമെട്രിക് സ്കോളർഷിപ്പ് | ഇല്ല |
| 4 | കാസർഗോഡ് | എസ്.സി 82/2023/കെ.എസ്.ഡി | ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, നീലേശ്വരം | ചികിത്സാ ധന സഹായം | ഇല്ല |
| | | | | മിശ്രവിവാഹം | ഇല്ല |
| | | | | ഭൂമി വാങ്ങൽ | ഇല്ല |
| | | | | പഠനമുറി | ഇല്ല |
| | | | | വിവാഹ ഗ്രാന്റ് | ഇല്ല |
| | | | | വീട് വാസയോഗ്യമാക്കൽ | ഇല്ല |
| | | | | വൾണറബിൾ കക്കൂസ് | ഇല്ല |
| | | | | വൾണറബിൾ പഠനമുറി | ഇല്ല |
| | | | | വൾണറബിൾ കൃഷിഭൂമി | ഇല്ല |
| | | | | വിദേശ ജോലി | ഇല്ല |
| | | | | വൾണറബിൾ ഹൌസ് റിപ്പയർ | ഇല്ല |
| | | | | ചികിത്സാ ധന സഹായം | ഇല്ല |
| | | | | ബ്രഡ് വിന്നർ ഗ്രാന്റ് | ഇല്ല |
| | | | | മിശ്രവിവാഹം | ഇല്ല |
| | | | | പഠന മുറി | ഇല്ല |
| | | | | വീട് വാസയോഗ്യമാക്കൽ | ഇല്ല |
| | | | | വിവാഹ ഗ്രാന്റ് | ഇല്ല |
| | | | | വൾണറബിൾ ഹൌസ് | ഇല്ല |
| | | | | പഠന മുറി | ഇല്ല |
| | | | | വൾണറബിൾ കക്കൂസ് | ഇല്ല |
| | | | | വിദേശ ജോലി | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | | ചികിത്സാ ധന സഹായം | ഇല്ല |
| | | | | ബ്രഡ് വിന്നർ ഗ്രാന്റ് | ഇല്ല |
| | | | | മിശ്രവിവാഹം | ഇല്ല |
| | | | | ഭൂരഹിതർക്ക് ഭൂമി | ഇല്ല |
| | | | | പഠനമുറി | ഇല്ല |
| | | | | വൾനറബിൾ ഹൌസ് | ഇല്ല |
| | | | | ഭൂമി വാങ്ങൽ | ഇല്ല |
| | | | | വീട് വാസയോഗ്യമാക്കൽ | ഇല്ല |
| | | | | ചികിത്സാ ധന സഹായം | ഇല്ല |
| | | | | മിശ്രവിവാഹം | ഇല്ല |
| | | | | ഭൂരഹിതർക്ക് ഭൂമി- പഞ്ചായത്ത് | ഇല്ല |
| | | | | ഭൂരഹിതർക്ക് ഭൂമി- മുനിസിപ്പാലിറ്റി | ഇല്ല |
| | | | | പഠന മുറി | ഇല്ല |
| | | | | സെയ്ഫ് | ഇല്ല |
| | | | | ചികിത്സാ ധന സഹായം | ഇല്ല |
| | | | | ബ്രഡ് വിന്നർ ഗ്രാന്റ് | ഇല്ല |
| 5 | കണ്ണൂർ | എസ്.സി 84/2023/കെ.എൻ.ആർ | പയ്യന്നൂർ മുനിസിപ്പാലിറ്റി | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല | |
| 6 | കണ്ണൂർ | എസ്.സി 85/2023/കെ.എൻ.ആർ | പേരാവൂർ ബ്ലോക്ക് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല | |
| 7 | കണ്ണൂർ | എസ്.സി 86/2023/കെ.എൻ.ആർ | ഇരിക്കൂർ ബ്ലോക്ക് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല | |
| 8 | കണ്ണൂർ | എസ്.സി 87/2023/കെ.എൻ.ആർ | തളിപ്പറമ്പ് ബ്ലോക്ക് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല | |
| 9 | കോഴിക്കോട് | എസ്.സി 91/23/കെ.കെ.ഡി | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 1) ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന വകുപ്പ് കാര്യാലയത്തിലെ ഗവ. ക്യാഷ് ബുക്ക് റജിസ്റ്ററിൽ Monthly Abstract ശരിയായി തയ്യാറാക്കി സൂക്ഷിച്ച് വരുന്നതായി കാണുന്നില്ല. 2) ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന വകുപ്പ് കാര്യാലയത്തിലെ Cash Declaration Register ൽ പട്ടികജാതി വികസന ഓഫീസർ മാത്രമേ പണം രേഖപ്പെടുത്തുന്നതായി കാണുന്നുള്ളു. | |
| 10 | കോഴിക്കോട് | എസ്.സി 92/23/കെ.കെ.ഡി | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | 1. പട്ടികജാതി വികസന ഓഫീസർ ശ്രീ ഷൈലേഷ് അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പ് വെക്കാതെയും മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താതെയുമാണ് ഔദ്യോഗിക ഡ്യൂട്ടിയ്ക്കായി പുറത്ത് പോകുന്നത് എന്ന് കാണുന്നു. 2. ഓഫീസിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നും കാണപ്പെടുന്നു. | |
| 11 | കോഴിക്കോട് | എസ്.സി 93/23/കെ.കെ.ഡി | കൊയിലാണ്ടി ബ്ലോക്ക് പഞ്ചായത്ത് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല | |

| | | | | |
|---|---|---|---|---|
| 12 | കോഴിക്കോട് | എസ്.സി 94/23/കെ.കെ.ഡി | ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | "1)ഓഫീസ്സിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ താൽകാലിക ജീവനക്കാരായ SC പ്രമോട്ടർമാർ ഒപ്പുരേഖപ്പെടുത്തുന്നതായി കാണുന്നില്ല 2)ഈ ഓഫീസ്സിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 3) ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല " |
| 13 | കോഴിക്കോട് | എസ്.സി 95/23/കെ.കെ.ഡി | കോഴിക്കോട് കോർപ്പറേഷൻ | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 14 | വയനാട് | എസ്സ്.സി 62/2023/വയനാട് | പട്ടിക ജാതി വികസന ഓഫീസ്, കൽപ്പറ്റ | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 15 | വയനാട് | എസ്സ്.സി 63/2023/വയനാട് | പട്ടിക ജാതി വികസന ഓഫീസ്, മാനന്തവാടി | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 16 | വയനാട് | എസ്സ്.സി 64/2023/വയനാട് | സുൽത്താൻ ബത്തേരി ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസ് | **വിവാഹ ധനസഹായം**<br>പദ്ധതിയുമായി ബന്ധപ്പെട്ട് CB No.81/2019-2020 പ്രകാരം 75,000/- രൂപ വീതം ശ്രീ.പനി, ശ്രീ.കുട്ടപ്പൻ എന്നിവർക്ക് 20.09.2023 തീയതി ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കൂടാതെ 2020-2021 വർഷം CB No.131/2020-21 പ്രകാരം ശ്രീ. ഭാസ്കരൻ എന്നയാൾക്കും 18.03.2021 തീയതി 75,000/- രൂപ വിവാഹ ധനസഹായം അനുവദിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്കിൽ പ്രസ്തുത CB നമ്പർ 131/2020-21 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത് ലപ്സംഗ്രാന്റ് തുക അനുവദിച്ചതായാണ്. ട്രാൻസാക്ഷനുകൾ ക്യാഷ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. |
| 17 | വയനാട് | എസ്സ്.സി 65/2023/വയനാട് | പനമരം ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസ് | **ബ്ലോക്ക് പ്രൊജക്റ്റ് സ്റ്റഡി റൂം**<br>ക്യാഷ് ബുക്ക് രജിസ്റ്ററിലെ 29-ആം പേജിലെ എൻട്രിയും ബാങ്കിലെ പേയ്മെന്റ് സ്ലിപ് കൗണ്ടർഫോയിയിലും രേഖപ്പെടുത്തിയ തുകകളിൽ 42 രൂപയുടെ വ്യത്യാസം കാണുന്നു. ഏത് ഹെഡ്ഡിൽ നിന്നു വന്ന തുകയാണ് എന്നും മറ്റുമുള്ള വിവരങ്ങൾ ക്യാഷ് രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തി കാണുന്നില്ല. വർഷാവർഷം/മാസാമാസം അബ്സ്ട്രാക്റ്റ് രേഖപ്പെടുത്തി കാണുന്നില്ല.<br>**പഠന മുറി സഹായം**<br>കൃത്യമായി അബ്സ്ട്രാക്റ്റ് എഴുതിയും പണം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയും സൂക്ഷിച്ചു കാണുന്നില്ല.<br>**പ്രോത്സാഹന സമ്മാനം**<br>സഹായം നൽകിയതിന്റെ വിശദവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. അക്കണ്ടിലൂടെയാണോ പണം നൽകിയത് എന്നും ആണെങ്കിൽ അതിന്റെ വിവരങ്ങളും പണം നൽകിയ ആളുടെ അക്കൗണ്ട് ഡീറ്റെയിൽസും, മൊബൈൽ ഫോൺ നമ്പറും മറ്റും രേഖപ്പെടുത്തി കാണുന്നില്ല.<br>**പാരലൽ ഗ്രാന്റ്**<br>രജിസ്റ്ററിൽ വർഷാവർഷം രേഖപ്പെടുത്തിയ കാര്യങ്ങളും അബ്സ്ട്രാക്റ്റിൽ രേഖപ്പെടുത്തിയ വിവരങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു.<br>**ചികിത്സാ സഹായം**<br>അബ്സ്ട്രാക്റ്റ് എഴുതി സൂക്ഷിച്ച് കാണുന്നില്ല.<br>**മിശ്രവിവാഹ ധനസഹായം**<br>അബ്സ്ട്രാക്റ്റ് എഴുതി സൂക്ഷിച്ച് കാണുന്നില്ല.<br>**വാത്സല്യനിധി**<br>ആയത് സംബന്ധിച്ച വിശദവിവരങ്ങൾ ഒന്നും രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. |

| | | | | |
|---|---|---|---|---|
| | | | | **ഭവന നിർമ്മാണം, ഭവന പുനർ നിർമ്മാണം, Vulnerable രജിസ്റ്റർ, ഫീസബിലിറ്റി, വിവാഹ ധനസഹായം, വിവാഹധനസഹായ രജിസ്റ്റർ** ടി രജിസ്റ്ററുകളിൽ ഇൻഡെക്സ്, അബ്സ്ട്രാക്റ്റ് തുടങ്ങിയവയോ പദ്ധതികളുടെ വിശദാംശങ്ങളോ ഫണ്ട് അനുവദിച്ച വിവരങ്ങളോ ഒന്നും തന്നെ രേഖപ്പെടുത്തി കാണുന്നില്ല. |
| 18 | മലപ്പുറം | SC 85/2023/MPM | പെരിന്തൽമണ്ണ ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസ് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 19 | മലപ്പുറം | SC 86/2023/MPM | നിലമ്പൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് | നിലമ്പൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലെ ഉദ്യോഗസ്ഥർ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ 11.08.2023 തീയ്യതി മുതൽ പേഴ്സണൽ ക്യാഷ് രേഖപ്പെടുത്തിയിട്ടില്ല<br>ഉത്തരവാദിയായ ഉദ്യോഗസ്ഥർ<br>1. ശ്രീമതി. അബിത കെ.ആർ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ- ഗ്രേഡ് II, നിലമ്പൂർ. PEN No. 226766, Mob. 8943477809. Date of Retirement: 31.05.2033 |
| 20 | മലപ്പുറം | SC 87/2023/MPM | കൊണ്ടോട്ടി ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസ് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 21 | മലപ്പുറം | SC 88/2023/MPM | വണ്ടൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് | 1. 2018-19, 2019-20 കാലഘട്ടത്തിലെ വിവിധ പദ്ധതികളുടെ ബന്ധപ്പെട്ട ഫയലുകൾ, പ്രൊജക്ട് രജിസ്റ്ററുകൾ, മറ്റു രജിസ്റ്ററുകൾ എന്നിവ കൃത്യമായും സൂക്ഷിച്ചിട്ടില്ല.<br>2. 2018 19 സാമ്പത്തിക വർഷത്തിലെ plan fund അവിഹിതമായ ഓഫീസ് നവീകരണം കമ്പ്യൂട്ടർ അനുബന്ധ സൗകര്യങ്ങൾ ഹോസ്റ്റലിൽ സി.സി.ടി.വി സ്ഥാപിക്കൽ എന്ന പ്രോജക്ട് നമ്പർ 29 ആയ രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപയുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമായില്ല.<br>അപാകതകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ.<br>1. ഇസ്സുദ്ദീൻ. ടി.പി S/o ഹൈദ്രു. വയ: 59/23, അമീൻ മൻസിൽ, ചിറയിൽ കൊണ്ടോട്ടി. Ph: 9544684178 , SC DO Grade-1 Wandoor Block Panchayath on 2018-2020 ( Pen. 226773, 31.05.3020 തീയ്യതി സർവ്വീസിൽ നിന്നും വിരമിച്ചു |
| 22 | മലപ്പുറം | SC 89/2023/MPM | അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് | ഓഫീസിലെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 26.08.2022 തിയതി വരെ മാത്രമേ ക്യാഷ് ഡിക്ലയർ ചെയ്യതായി കാണുന്നുള്ളൂ<br>ഉത്തരവാദിയായ ഉദ്യോഗസ്ഥർ<br>ജിസ്.കെ.ജോസ്, പട്ടികജാതി വികസന ഓഫീസർ, ഗ്രേഡ്-I, പട്ടികജാതി വികസന ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത്, അരീക്കോട്, PEN : 226780, Date of Retirement : 31.10.2037 |

| | | | | |
|---|---|---|---|---|
| 23 | എറണാകുളം ജില്ല | 33/2023 CRE | തൃപ്പൂണിത്തുറ മുൻസിപ്പൽ ഓഫീസിൽ പ്രവർത്തിക്കുന്ന പട്ടിക ജാതി വികസന ഓഫീസ് | 1. തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റി പട്ടികജാതി വികസന ഓഫീസ് മുഖാന്തിരം നിർവഹണം നടത്തിയ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെട്ട് ആനുകൂല്യം നേടി ഭൂമി വാങ്ങിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ 2019-2020, 2020-21, 2021-22, 2022-23 കാലയളവിലെ ഭൂരിഭാഗം ഗുണഭോക്താക്കളുടെയും വിവരങ്ങൾ അവരുടെ ഫോട്ടോ പതിച്ച് ശരിയാംവിധം രേഖപ്പെടുത്തിയതായോ അവർക്ക് ഭൂമി വിൽപ്പന നടത്തിയവരുടെ വിവരങ്ങളും ഫോൺ നമ്പരും രേഖപ്പെടുത്തിയതായോ കാണുന്നില്ല.<br>2. 2019-2020 ,2020-2021 സാമ്പത്തിക വർഷങ്ങളിലായി പഠനമുറി ധനസഹായ പദ്ധതി പ്രകാരം 2,25,000/- രൂപ ഹരികൃഷ്ണൻ സന്തോഷ് s/o സതീജ.കെ,ഏരൂർ എന്ന ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 2,00,000/- രൂപായാണ് പരമാവധി നൽകാവുന്നത് എന്നിരിക്കെ 25,000/-രൂപ അധികമായി നൽകിയത് SCDO യുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയാണ്.<br>3. തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റി പട്ടികജാതി വികസന ഓഫീസിലെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ, 18.08.2023 തിയതി മുതൽ 19.09.2023 ക്യാഷ് ബുക്കിൽ എൻട്രികൾ യാതൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. |
| 24 | എറണാകുളം | SC-34/2023/CRE | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, വൈപ്പിൻ | 1.പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ : 2019-20 സാമ്പത്തിക വർഷം ചൈൽഡ് ഡവലപ്പ്മെൻറ് പ്രോജക്ട് ഓഫീസർ നടപ്പിലാക്കേണ്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിക്കായി 500000/- രൂപയുടെ ഫണ്ട് ലഭിച്ചിട്ടും ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി വിഹിതം വിനിയോഗിച്ചിട്ടില്ലാത്തതാണെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ് 2. PMAYG (പ്രധാൻമന്ത്രി ആവാസ് യോജന): 2023-24 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കേണ്ട PMAYG (പ്രധാൻമന്ത്രി ആവാസ് യോജന) അധികധനസഹായം എസ്.സി.പി എന്ന പദ്ധതിക്കായി എസ്.സി ഫണ്ട് 560000/- രൂപയും, കേന്ദ്രവിഹിതം 600000/- രൂപയും, മറ്റ് ഗ്രാമ പഞ്ചായത്ത് വിഹിതം 350000/- രൂപയും, മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം 490000/- രൂപയും ചേർത്ത് 2000000/- രൂപയുടെ ഫണ്ട് ലഭിച്ചിട്ടും പദ്ധതി വിഹിതം വിനിയോഗിച്ചിട്ടില്ലാത്തതാണെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്.<br>3. സാമ്പത്തിക വർഷം നായരമ്പലം ഗ്രാമപഞ്ചായത്ത് ടെമ്പിൾ വെസ്റ്റ് കോളനി സമഗ്ര വികസനം: 2023-24 സാമ്പത്തിക വർഷം നായരമ്പലം ഗ്രാമപഞ്ചായത്ത് ടെമ്പിൾ വെസ്റ്റ് കോളനി സമഗ്ര വികസനം എന്ന പദ്ധതി മുൻ വർഷത്തെ സ്പിൽ ഓവർ വർക്ക് ആയിട്ടും Completion ആയിട്ടില്ലാത്തതും, ആയതു പരിശോധിച്ചതിൽ 12-01-23 തീയതി ടെൻഡർ വിളിച്ചു 2022-23 സാമ്പത്തിക വർഷം നിർമ്മാണം ആരംഭിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്. ആയതിനെ സംബന്ധിച്ച് ബന്ധപ്പെട്ട ഓഫീസിൽ നിന്നും വ്യക്തമായ വിശദീകരണം നൽകിയിട്ടില്ലാത്തതാണ്.<br>4.നായരമ്പലം ഗ്രാമപഞ്ചായത്ത് വാർഡ് 9 കോലോത്ത് കോളനി കലുങ്ക് സൈഡ്പ്രൊട്ടക്ഷൻ : 2022-23 സാമ്പത്തിക വർഷം അനുവദിച്ച നായരമ്പലം ഗ്രാമപഞ്ചായത്ത് വാർഡ് 9 കോലോത്ത് കോളനി കലുങ്ക് സൈഡ്പ്രൊട്ടക്ഷൻ എന്ന പദ്ധതി 2023-24 സാമ്പത്തിക വർഷം ആയിട്ടും വർക്ക് ആരംഭിച്ചിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്.<br>5. ബ്ലോക്ക് പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും പട്ടികജാതി വിഭാഗത്തിന് ജനസംഖ്യാനുപാതികമായി ഒരു തുക നീക്കി വയ്ക്കണമെന്നുള്ള നിർദ്ദേശം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ പാലിക്കപ്പെടുന്നില്ല. |

| | | | | |
|---|---|---|---|---|
| 25 | എറണാകുളം | No.SC 79/2023/ EKM | വഴക്കുളം ബ്ലോക്ക് പഞ്ചായത്ത് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 26 | എറണാകുളം | No.SC 81/2023/ EKM | വടവൻക്കോട് പഞ്ചായത്ത് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 27 | എറണാകുളം | No.SC 80/2023/ EKM | കൊച്ചിൻ കോർപ്പറേഷൻ | 1)File No. CCPC3/003654/22 – ഫോർട്ട് കൊച്ചി സോണൽ 27- ഡിവിഷനിലെ ഡോബി ഖാന നവീകരണം:- ഡോബി ഖാന നവീകരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവൃത്തിയിൽ [File No. CCPC3/003654/22 ഡോബി ഖാനയുടെ ironing എന്നാൽ സ്ഥല പരിശോധന നടത്തിയതിൽ റോളിംഗ് ഷട്ടറുകളുടെ ചില ഭാഗങ്ങൾ മാത്രം മാറ്റി അറ്റ കുറ്റ പണികൾ നടത്തുകയാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുള്ളതാണ്. റോളിംഗ് ഷട്ടറുകൾ മാറ്റി സ്ഥാപിച്ചു എന്ന് തെറ്റായി രേഖപ്പെടുത്തി 1,52,223/- രൂപ ഈയിനത്തിൽ ബില്ലിൽ ഉൾകൊള്ളിച്ചിട്ടുള്ളതായി കാണുന്നുണ്ട്. കൂടാതെ പുതിയ റോളിംഗ് ഷട്ടറുകൾ സ്ഥാപിക്കാതെ അവ സ്ഥാപിച്ചിട്ടുണ്ട് എന്ന് M.Book - ൽ രേഖപ്പെടുത്തി കാണുന്നു. ആയത് ക്രമ വിരുദ്ധമാണ്.<br>2)Division 15 -ലെ "ശ്മശാനത്തിന് മുൻപിലുള്ള തോടിന് കൃഷ്ണപിള്ള വായനശാല റോഡ് വരെ സ്ലാബ് ഇട്ട് വഴി സഞ്ചാരയോഗ്യമാക്കൽ " [ File No. CCPC3/SYE/012058/20 ] :- 'ടി പ്രവൃത്തിയിൽ ഉടമ്പടി വച്ച കരാറുകാരൻ ക്രമ വിരുദ്ധമായി പവർ ഓഫ്അറ്റോർണി മുഖേന മറ്റൊരു കരാറുകാരന് നിർവഹണ ചുമതല കൈമാറിയതായി കാണുന്നു. |
| 28 | എറണാകുളം | **SC 82/2023/EKM** | കളമശ്ശേരി മുനിസിപ്പൽ ഓഫീസ് | 2022-23 വർഷത്തിൽ പഠനോപകരണം വിതരണം ചെയ്ത പ്രോജക്റ്റ് നമ്പർ 200/23:- പരിശോധിച്ചതിൽ, പ്രോജക്ട് തുക 7,50,000/- രൂപ വകയിരുത്തിയതായും ചെലവ് 7,47,002/- രൂപയും ആണെന്ന് കാണപ്പെട്ടു. അന്യജില്ലകളിൽ മേൽവിലാസവും സ്ഥിര താമസവുമുള്ളതും കളമശ്ശേരി നഗരസഭ പരിധിയിലുള്ള സ്കൂളുകളിൽ പഠിച്ചു വരുന്നതുമായ വിദ്യാർത്ഥികൾക്ക് അവരുടെ ജില്ലകളിൽ നിന്നും ഈ സഹായം ലഭിച്ചിട്ടില്ല എന്നത് തെളിയിക്കന്ന യാതൊരു രേഖകളും പരിശോധിക്കാതെ ആനുകൂല്യങ്ങൾ അനുവദിച്ചതായി കാണുന്നു. |

| | | | | |
|---|---|---|---|---|
| 29 | പാലക്കാട് | 84/2023/പി.കെ.ഡി | പാലക്കാട് നഗരസഭ | (1) പട്ടികജാതി വകുപ്പ് ഫണ്ട് പ്രകാരമുള്ള ചികിത്സ ധനസഹായ രജിസ്റ്ററിൽ രോഗവിവരങ്ങളോ ചികിത്സ വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ലാത്തതും പട്ടികജാതി വികസന ഓഫീസർ ഒപ്പ് വെച്ചിട്ടില്ലാത്തതുമാണ്.<br>(2) പട്ടികജാതി വകുപ്പ് ഫണ്ട് പ്രകാരമുള്ള സ്വയംതൊഴിൽ ധനസഹായ രജിസ്റ്ററിൽ തുകകൾ നൽകിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതും പട്ടികജാതി വികസന ഓഫീസർ ഒപ്പ് വെച്ചിട്ടില്ലാത്തതുമാണ്.<br>(3) പട്ടികജാതി വകുപ്പ് ഫണ്ട് പ്രകാരമുള്ള ആരോഗ്യസുരക്ഷ പദ്ധതി പ്രകാരം നൽകിയ തുകകളുടെ വിവരങ്ങളോ ചികിത്സയുടെ വിവരങ്ങളോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. |
| | | | | (4) പട്ടികജാതി വകുപ്പ് ഫണ്ട് പ്രകാരമുള്ള ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിനും അതിദുർബല വിഭാഗങ്ങൾക്ക് കൃഷി ഭൂമി വാങ്ങുന്നതിനുമുള്ള പദ്ധതി പ്രകാരം 2019-20 വർഷത്തിൽ 5 പേർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ഭൂമിയും 2020-21 വർഷത്തിൽ 5 പേർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ഭൂമിയും അടക്കം ആകെ 10 പ്ലോട്ടുകൾ ജമുന എൻ പി, തച്ചമൂച്ചിക്കൽ വീട്, വിളയംചാത്തന്നൂർ, തേങ്കുറിശ്ശി-1 വില്ലേജ്, പാലക്കാട്. എന്നയാളിൽ നിന്ന് വാങ്ങിയതായും 2019-20 വർഷത്തിൽ ചന്ദ്രശേഖരൻ, ഒ.എൻ.സി. ഹൌസ്, പൂതൊടിക, വിളയന്നൂർ എന്നയാളിൽ നിന്ന് 4 പ്ലോട്ടുകൾ വാങ്ങിയതായും അച്ചുതൻ വെണ്ണക്കര എന്നയാളിൽ നിന്ന് 2018-19 വർഷത്തിൽ 5 പ്ലോട്ടുകളും 2019-20 വർഷത്തിൽ 6 പ്ലോട്ടുകളും 2020-21 വർഷത്തിൽ 6 പ്ലോട്ടുകളും അടക്കം ആകെ 16 പ്ലോട്ടുകൾ വാങ്ങിയതായും ഇ.സി. കൃഷ്ണൻ, പട്ടച്ചൻകാവ് തേനാരി എന്നയാളിൽനിന്ന് 2018-19 വർഷത്തിൽ 2 പ്ലോട്ടുകളും 2019-20 വർഷത്തിൽ 2 പ്ലോട്ടുകളും 2020-21 വർഷത്തിൽ 2 പ്ലോട്ടുകളും 2022-23 വർഷത്തിൽ 1 പ്ലോട്ടും അടക്കം ആകെ 7 പ്ലോട്ടുകൾ വാങ്ങിയതായും ഷംസുദ്ദീൻ.പി.കെ, മാങ്കുറിശ്ശി എന്നയാളുടെ പക്കൽ നിന്നും 2020-21 വർഷത്തിൽ 3 പ്ലോട്ടുകളും 2021-22 വർഷത്തിൽ 7 പ്ലോട്ടുകളും 2022-23 വർഷത്തിൽ 1 പ്ലോട്ടും ഉൾപ്പടെ ആകെ 11 പ്ലോട്ടുകളും വാങ്ങിയതായും എ എ ഷബീർ, മേപ്പറമ്പ് എന്നയാളുടെ പക്കൽ നിന്നും 2022-23 വർഷത്തിൽ 5 പ്ലോട്ടുകൾ വാങ്ങിയതായും സൈഫുദ്ദീൻ, മാട്ടുക്കോണം, കുഴൽമന്ദം എന്നയാളുടെ പക്കൽ നിന്നും 2022-23 വർഷത്തിൽ 1 പ്ലോട്ടും 2021-22 വർഷത്തിൽ 3 പ്ലോട്ടുകളുമായി ആകെ 4 പ്ലോട്ടുകൾ വാങ്ങിയതായും സുബ്രഹ്മണ്യൻ, തെക്കുമുറി, നല്ലേപ്പിള്ളി എന്നയാളുടെ പക്കൽ നിന്നും 2021-22 വർഷത്തിൽ വീട് നിർമ്മിക്കുന്നതിനുള്ള 2 പ്ലോട്ടുകളും കൃഷിഭൂമി ഇനത്തിൽപ്പെട്ട 3 പ്ലോട്ടുകളും വാങ്ങിയതായും ഈ 3 കൃഷിഭൂമിയും കുന്നത്തൂർമേട് ATR സ്ട്രീറ്റിലെ ആളുകൾക്ക് നൽകിയിട്ടുള്ളതായും ഷിജു. എസ്, പണ്ടാരക്കാവ്, കുന്നത്തൂർമേട് എന്നയാളുടെ പക്കൽ നിന്നും 2018-19 വർഷത്തിൽ 3 കൃഷിഭൂമി വാങ്ങിയിട്ടുള്ളതായും ആയത് മൂന്നും കല്ലാത്തി ശംഖുവാരത്തോട് എന്ന സ്ഥലത്തുള്ളവർക്ക് നൽകിയിട്ടുള്ളതായും കാണുന്നു.<br>(5) പാലക്കാട് മുൻസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ പഠനമുറി പദ്ധതിയിൽ പദ്ധതി വിഹിതം ലഭിച്ചിട്ടുള്ള ഗുണഭോക്തകളുടെ വിഹിതം കൈപ്പറ്റിയതിനുള്ള ഒപ്പോ അവരുടെ ഫോട്ടോയോ രജിസ്റ്ററിൽ കാണുന്നില്ല. |

| | | | | |
|---|---|---|---|---|
| | | | | (6) പാലക്കാട് മുൻസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ ഭവനപുനരുദ്ധാരണ പദ്ധതിയിൽ 2019-20 സാമ്പത്തിക വർഷത്തിലുള്ള രജിസ്റ്ററിൽ ക്രമ നമ്പർ (1) സുജാത, (2)വള്ളി, (7) മറിയ എന്നിവരുടെ മൊബൈൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതും ക്രമ നമ്പർ (8)മറിയ, (20)വേലായുധൻ, (28)ദൈവാനി എന്നിവരുടെ ഫോട്ടോ പതിച്ചിട്ടില്ലാത്തതുമാണ്.<br>(7) പാലക്കാട് മുൻസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ ഭൂരഹിതരായ പട്ടികവിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള പദ്ധതിയിൽ 2019-20 സാമ്പത്തിക വർഷത്തിലെ ക്രമ നമ്പർ 3, 6, 7 എന്നീ ഗുണഭോക്താക്കളും 2021-22 സാമ്പത്തിക വർഷത്തിലെ ക്രമ നമ്പർ 2, 3, 5, 14, 17, 18, 19 28, 29, 32, 35, 36 എന്നീ ഗുണഭോക്താക്കളും ഭൂമിയുടെ ആധാരം കൈപ്പറ്റിയതായിട്ടുള്ള ഒപ്പ് വെച്ചതായി കാണുന്നില്ല. |
| 30 | പാലക്കാട് | 85/2023/പി.കെ.ഡി | കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 31 | പാലക്കാട് | 86/2023/പി.കെ.ഡി | കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 32 | പാലക്കാട് | 87/2023/പി.കെ.ഡി | ഷൊർണ്ണൂർ നഗരസഭ | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 33 | തൃശ്ശൂർ | എസ്.സി.54/2023/ടി,എസ്.ആർ | പട്ടിക ജാതി വികസന ഓഫീസ്, തൃശ്ശൂർ കോർപ്പറേഷൻ | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 34 | തൃശ്ശൂർ | എസ്.സി.55/2023/ടി.എസ്.ആർ | ചാലക്കുടി മുനിസിപ്പാലിറ്റി | ചാലക്കുടി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിവരുന്ന പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള വിവിധ പ്രൊജക്ടുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രൊജക്ട് രജിസ്റ്ററും ക്യാഷ് രജിസ്റ്ററും മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കുന്നില്ല |
| 35 | തൃശ്ശൂർ | എസ്.സി.56/2023/ടി.എസ്.ആർ | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, കൊടകര | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 36 | തൃശ്ശൂർ | എസ്.സി.57/2023/ടി.എസ്.ആർ | പട്ടികജാതി വികസന ഓഫീസ്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് | പദ്ധതികൾ സംബന്ധിച്ച രജിസ്റ്ററുകൾ ഓരോ സാമ്പത്തിക വർഷത്തിലും പുതിയ രജിസ്റ്ററുകൾ ഉപയോഗിക്കാതെ ഒറ്റ രജിസ്റ്ററിൽ തന്നെ എഴുതി വരുന്നതായി കാണുന്നു. ആയത് ഓരോ സാമ്പത്തിക വർഷത്തിനും പ്രത്യേകമായി സൂക്ഷിക്കുന്നത് വിവരങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്താൻ കഴിയും. |
| 37 | ഇടുക്കി | SC 75/2023/IDK | പട്ടികജാതി വികസന ഓഫീസ്, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 38 | ഇടുക്കി | SC 76/2023/IDK | പട്ടികജാതി വികസന ഓഫീസ്, അടിമാലി ബ്ലോക്ക് പഞ്ചായത്ത് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 39 | ഇടുക്കി | SC 77/2023/IDK | പട്ടികജാതി വികസന ഓഫീസ്, കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 40 | ഇടുക്കി | SC 78/2023/IDK | പട്ടികജാതി വികസന ഓഫീസ്, പീരുമേട് ബ്ലോക്ക് പഞ്ചായത്ത് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 41 | കോട്ടയം | എസ്.സി 28/23/ഇആർകെ | പട്ടികജാതി വികസന ഓഫീസ്, വൈക്കം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം | 2022-2023 വർഷത്തെ പഠനമുറി നിർമ്മാണ പദ്ധതിയിലേയ്ക്ക് അപേക്ഷ നൽകിയിരുന്ന ആർദ്ര ശ്യാംകുമാർ എന്ന ഗുണഭോക്താവിന്റെ അപേക്ഷയിൽ സെക്ഷൻ ക്ലാർക്കിന്റെ അശ്രദ്ധയും കരുതൽകുറവും മൂലം Sankhya Software-ൽ അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയത് വഴി ഗുണഭോക്താവിന് രണ്ട് ഗഡുക്കളും ലഭിക്കുവാൻ കാലതാമസം വരുത്തുകയും മൂന്നാമത്തെ ഗഡുവായ 75,000/- തിരികെ ട്രഷറിയിലേയ്ക്ക് ക്രഡിറ്റ് ആയത് മൂലം ടി തുക ഗുണഭോക്താവിന് ലഭിയ്ക്കാതെയും വന്നു. |
| 42 | കോട്ടയം | എസ്.സി 29/23/ഇആർകെ | ഏറ്റുമാനൂർ നഗരസഭ കാര്യാലയം | പട്ടികജാതി ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട ക്രമക്കേടുകളൊന്നും കണ്ടെത്തിയിട്ടില്ലാത്തതാണ്. ഏറ്റുമാനൂർ നഗരസഭയിലെ പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ബോണി.എസ്, ടിയാന്റെ ഗൂഗിൾ പെ അക്കൗണ്ടിലേയ്ക്ക് 09.03.2023 തീയതിയിൽ പൊതുമരാമത്ത് കോൺട്രാക്ടർ ആയ ശ്രീ.എം.എ.നിസാർ എന്നയാളുടെ ഗൂഗിൾ പെ അക്കൗണ്ടിൽ നിന്ന് 20,000/- രൂപയും മറ്റ് പലരുടേയും ഗൂഗിൾ പെ അക്കൗണ്ടിൽ നിന്നുമായി 1,60,000/- രൂപ വാങ്ങിയെടുത്ത് സർക്കാർ ഉദ്യോഗസ്ഥന്റെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായി ഗൗരവതരമായ പണമിടപാടുകൾ നടത്തിയിട്ടുള്ളതായി കാണപ്പെട്ടു. |
| 43 | തിരുവനന്തപുരം | എസ്. സി-35/23/എസ്സ്ആർടി<br>തീയതി : 19/09/2023 | പട്ടിക വർഗ്ഗ വികസന ഓഫീസ്, പോത്തൻ കോട് സിവിൽ സ്റ്റേഷൻ | OPERATION PROTECTOR" എന്നപേരിൽ സംസ്ഥാന തല മിന്നൽ പരിശോധന നടത്തിയതിൽ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ മംഗലപുരം ഗ്രാമപഞ്ചായത്തിൽ പ്രധാനമന്ത്രി ആവാസ് യോജന (PMAY) പദ്ധതി പ്രകാരം ബനിഫിഷ്യറി ലിസ്റ്റിൽ ശ്രീമതി.സതികുമാരിയുടെ പേർ കാണപ്പെട്ടുവെങ്കിലും ടിയാൾക്ക് പണം അനുവദിച്ചതായി രേഖപ്പെടുത്തി കാണപ്പെട്ടിരുന്നില്ല |
| 44 | തിരുവനന്തപുരം | എസ്. സി-36/23/എസ്സ്ആർടി<br>തീയതി : 19/09/2023 | പട്ടിക വർഗ്ഗ വികസന ഓഫീസ്, ആറ്റിങ്ങൽ നഗരസഭ | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| **45** | തിരുവനന്തപുരം | **SC 63/23/**ടിവിഎം | തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസ് എസ്സി വികസന ഓഫീസ് | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| **46** | തിരുവനന്തപുരം | **SC64/23/**ടിവിഎം | നെടുമങ്ങാട മുൻസിപ്പൽ ഓഫീസിലെ പട്ടികജാതി വികസന | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| **46** | തിരുവനന്തപുരം | **SC65/23/**ടിവിഎം | വർക്കല ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൻ്റെ പട്ടികജാതി വികസന വിഭാഗം | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 47 | തിരുവനന്തപുരം | SC/66/23/ടിവിഎം | പട്ടികജാതി വികസന ഓഫീസ് ബ്ലോക്ക് പഞ്ചായത്ത് പെരുംകിട വിള നെയ്യാറ്റിൻകര | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| 48 | എറണാകുളം | എസ്.സി.04/2023/എസ്.സി.ഇ. | എറണാകുളം ജില്ല, കണയന്നൂർ താലൂക്ക് മുളന്തുരുത്തി വില്ലേജ്, മുളന്തുരുത്തി കരയിൽ സ്ഥിതിചെയ്യുന്ന മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഓഫീസും, പട്ടികജാതി വികസന വകുപ്പ് ഓഫീസും | സംസ്ഥാനത്തെ പട്ടികജാതി വകുപ്പ് വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള വിവിധ പദ്ധതികൾ |
| 49 | എറണാകുളം | എസ്.സി.05/2023/എസ്.സി.ഇ. | എറണാകുളം ജില്ലയിലെ പറവൂർ താലൂക്ക്, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസ് | സ്കോളർഷിപ്പ്- 2020-2021 വർഷം 9,10 ക്ലാസുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാത്ഥികൾക്കുള്ള സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള വരുമാന പരിധി 2,50,000 രൂപയാണ് എന്നിരിക്കെ 4,50,330 രൂപ വാർഷികവരുമാനമുള്ള ശ്രേയ.ടി ബാബുവിനും, 3,18,600 രൂപ വാർഷിക വരുമാനമുള്ള നവനീത.പി.ആർ-നും, 3,000 രൂപ ക്രമത്തിൽ സ്കോളർഷിപ്പ് നല്കിയിട്ടുണ്ട്. ഇത് അനർഹരായ വിദ്യാർത്ഥികൾക്ക് മാനദണ്ഡം പാലിക്കാതെ നൽകിയതായതിനാൽ ഇതിൽ അപാകത കണ്ടെത്തിയിട്ടുണ്ട്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ – ശ്രീമതി.സോളി വർക്കി, പെൻ-418757, മുൻ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-II (From 11/2019 to 23.08.2022)<br>2.ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം, ജീർണ്ണിച്ച ഭവനങ്ങളുടെ നവീകരണം, പഠനമുറികളുടെ നിർമ്മാണം-<br>പഠനമുറികളുടെ നിർമ്മാണം- പഠന സൗകര്യം കുറവുള്ള കുട്ടികൾക്കായി പഠിക്കാൻ സൗകര്യത്തിനായി പഠനമുറി പണിയുന്നതിനായി നാലു ഗഡുക്കളായി ആകെ 2 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. 2019-20 വർഷത്തെ രജിസ്റ്ററും, അനുബന്ധ ഫയലും പരിശോധിച്ചതിൽ ആർദ്ര ബിജു എന്ന പ്ലസ് ടു വിദ്യാർത്ഥിക്ക് കരാർ പ്രകാരം 3 മാസത്തിനുള്ളിൽ പണിതീർക്കണമെന്ന് നിബന്ധന ഉണ്ടെങ്കിലും ആയത്പാ ലിച്ചിട്ടില്ല. ഗുണഭോക്താവിനെ ഫോണിൽ വിളിച്ച് ചോദിച്ചതിൽ 1,70,000 രൂപ ലഭിച്ചതായി പറയുകയും, പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്നു പറഞ്ഞിട്ടുള്ളതും, ബാലൻസ് തുകയായി 30,000 രൂപ ലഭിക്കാനുള്ളതാണെന്നും പറഞ്ഞിട്ടുള്ളതാണ്. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ മേല്പറഞ്ഞ 1,70,000 രൂപ തുക എത്തിയ വിവരങ്ങൾ ഫയലിൽ കണ്ടിട്ടില്ലാത്തതാണ്. 2020-21 വർഷത്തിൽ രജിസ്റ്ററിലെ ക്രമ നമ്പർ-43 ലെ ലക്ഷ്മി വിശ്വനാഥ് ന്റെ പഠനമുറിയെ സംബന്ധിച്ച് കരാർ പ്രകാരം 3 മാസത്തിനുള്ളിൽ പണിതീർക്കണമെന്ന് വ്യവസ്ഥ ഉണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. രജിസ്റ്റർ പരിശോധിച്ചതിൽ 1,70,000 രൂപ ലഭിച്ചതായി കാണുകയും, പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതും, ബാലൻസ് തുകയായി 30,000 രൂപ ലഭിക്കാനുള്ളതാണെന്നും അറിവായിട്ടുണ്ട്. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ഈ തുക എത്തിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ലക്ഷ്മി വിശ്വനാഥിനെ ഫോണിൽ വിളിച്ചെങ്കിലും കിട്ടിയിട്ടില്ല(മൊബൈൽ നമ്പർ-7736726559). ഈ കാര്യത്തിൽ കരാറു പ്രകാരം 3 മാസത്തിനുള്ളിൽ തീർക്കേണ്ട പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്തതും, നിർമ്മാണം നിർദ്ദിഷ്ട സമയത്തിനുള്ളിൽ തീർക്കാത്ത കാര്യം മേൽഓഫീസിലേക്ക് റിപ്പോർട്ട് ചെയ്ത് ആവശ്യമായ മേൽനടപടി സ്വീകരിച്ചിട്ടില്ലാത്തതും പട്ടികജാതി വികസന ഓഫീസരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. |
| 50 | ആലപ്പുഴ | 47/23/എ.എൽ.പി | ചെങ്ങന്നൂർ മുനിസിപ്പാലിറ്റി | സ്പെഷ്യൽ കംപോണന്റ് പ്ലാൻ (SCP) , പട്ടികജാതി വിഭാഗത്തിന്റെ സ്പെഷ്യൽ കംപോണന്റ് പ്രകാരമുള്ള പദ്ധതി നിർവ്വഹണത്തിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ 2020-2021 കാലയളവിൽ 23.8 % വും 2021-22 കാലയളവിൽ 28.7% വും 2022-23 കാലയളവിൽ 56.6 % വും ഫണ്ട് മാത്രമേ വിനിയോഗിച്ചിട്ടുള്ളും പദ്ധതിയുടെ 80% ത്തിൽ കുറവു തുക മാത്രം വിനിയോഗം നടത്തിയിട്ടുള്ളതിനാൽ ബാക്കി തുക ഉപഭോക്തകളെ കണ്ടെത്തി കൃത്യമായി വിനിയോഗിക്കാത്തതായി കാണുന്നു. |

| | | | | |
|---|---|---|---|---|
| 51 | ആലപ്പുഴ | 48/23/എ.എൽ.പി | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം | 2019-20 ലെ പ്രോജക്റ്റ് നം SO 91/2020 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണ പദ്ധതിയിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്ത ലിസ്റ്റിന് വിരുദ്ധമായി അതെ വിലാസത്തിലെ മറ്റോരാൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു |
| 52 | ആലപ്പുഴ | 49/23/എ.എൽ.പി | ബ്ലോക്ക് ഓഫീസ് അമ്പലപ്പുഴ | പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി.(1) പട്ടികജാതി/ പട്ടികവർഗ ഉപഭോക്തക്കളെ ബെനഫിഷറി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് വ്യക്തമായ കാരണം കാണിച്ചിട്ടില്ല. (2) പട്ടികജാതി/ പട്ടികവർഗ ഉപഭോക്തക്കൾക്ക് നേരിട്ട് പണം അയയ്ക്കുന്നുണ്ടെങ്കിലും അവരുടെ പേരോ വിലാസമോ അക്കൗണ്ട് നമ്പറോ, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല.(3) 2019-20 വർഷത്തിൽ അറവുകാട് പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച ഫണ്ട് ഉപയോഗിച്ച് 27 പട്ടികജാതി വിഭാഗങ്ങൾക്ക് ഒപ്പം 8 ജനറൽ കാറ്റഗറി വിഭാഗത്തിനും ബൗണ്ടറി കെട്ടുന്നതിനായി ഫണ്ട് വിനിയോഗിച്ചു. |
| 53 | ആലപ്പുഴ | 50/23/എ.എൽ.പി | അർബൻ പോവർട്ടി അലിവിയേഷൻ സെക്ഷൻ ചേർത്തല മുനിസിപ്പാലിറ്റി | പ്രോജക്റ്റ് നമ്പർ SO 099/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും<br>പ്രോജക്റ്റ് നമ്പർ SO 103/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും<br>പ്രോജക്റ്റ് നമ്പർ SO 103/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്<br>പ്രോജക്റ്റ് നമ്പർ SO 175/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ<br>പ്രോജക്റ്റ് നമ്പർ SO 244/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ<br>ഈ പ്രോജക്റ്റുകൾ കൃത്യമായി നടപ്പിലാക്കത്തതു കാരണം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട അനുകൂല്യങ്ങൾ നഷ്ടമായി |
| 54 | കൊല്ലം | SC<br>81/23/കെ.എൽ.എം | പുനലൂർ മുൻസിപ്പാലിറ്റി | 1. 2019-20 വർഷത്തെ പ്രൊജക്റ്റ് നമ്പർ 241/20 പട്ടികജാതി വൃദ്ധ ജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയിൽ 10,00,500/- രൂപ അടങ്കലായി വകയിരുത്തിയിരുന്നതും ഒരു കട്ടിലിന് 4190/- രൂപ നിരക്കിൽ അക്രഡിറ്റഡ് സ്ഥാപനമായ ARTCO കോട്ടയം എന്ന സ്ഥാപനത്തിന് 158 കട്ടിലുകൾക്ക് ഓർഡർ നൽകുകയും ആയതിനുള്ള നികുതിയുൾപ്പെടെയുള്ള തുകയായ 6,62,048/- രൂപ ചിലവഴിച്ചുതായും, തുടർന്ന് 2020-21 സാമ്പത്തിക വർഷം അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി പ്രസ്തുത പദ്ധതി Spill Over ആയി ഏറ്റെടുത്തിട്ടുള്ളതായും (പ്രൊജക്റ്റ് നമ്പർ 585/21) അടങ്കലായി 3,37,052/- രൂപയാണ് വകയിരുത്തി 72 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി നികുതിയുൾപ്പെടെ 3,01,693/- രൂപ ചിലവഴിച്ചിട്ടുണ്ടെങ്കിലും കട്ടിൽ ലഭിച്ചത് സംബന്ധിച്ച് രേഖപ്പെടുത്തി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതായി കാണുന്നു. മാത്രമല്ല കേരളാ മുൻസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 45(c) അനുശാസിക്കും പ്രകാരം വാർഡ്സഭകൾ ഗുണഭോക്താക്കളുടെ മുൻഗണന അംഗീകരിച്ചതായി കാണപ്പെട്ടിട്ടില്ലാത്തതും, കൗൺസിൽ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം നൽകിയതായി കാണപ്പെട്ടിട്ടുള്ളതുമാണ്.ടി അപാകതയ്ക്ക് ടി പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥയും ടി കാലയളവിലെ മുൻസിപ്പാലിറ്റി സെക്രട്ടറിയുമായ ശ്രീമതി.രേണുകദേവി.ജി ഉത്തരവാദിയാണ്.<br>2. 2019-20 ൽ പ്രൊജക്റ്റ് നമ്പർ 483/20 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വാസയോഗ്യമാക്കൽ എന്ന Spill Over പദ്ധതിക്ക് 3 ലക്ഷം രൂപ അടങ്കലായി വകയിരുത്തിയിട്ടുള്ളതിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ശ്രീമതി.ശ്രീദേവി, ശ്രീമതി.അമ്പിളി എന്നീ ഗുണഭോക്താക്കൾക്ക് 2 ഗഡുക്കളായി 1,50,000/- രൂപ വീതം അനുവദിച്ച് നൽകിയിരിക്കുന്നതെന്ന് കാണപ്പെട്ടിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട നോട്ട് ഫയലിൽ പണി പൂർത്തിയാക്കിയിട്ടുണ്ട് എന്ന് മാത്രം എഴുതി പേര് രേഖപ്പെടുത്താതെ ഒപ്പ് വച്ച് കാണുന്നു. ടി അപാകതയ്ക്ക് ടി പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനും ടി കാലയളവിലെ മുൻസിപ്പാലിറ്റിയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II |

| | | | | |
|---|---|---|---|---|
| 55 | കൊല്ലം | | പട്ടികജാതി വികസന ആഫീസ്,വെട്ടിക്കവല ബ്ലോക്ക്, കൊട്ടാരക്കര താലൂക്ക് | പട്ടികജാതി വിഭാഗങ്ങളുടെ പഠനമുറി ധനസഹായം<br>പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ച പട്ടികജാതി വിഭാഗങ്ങളുടെ പഠനമുറി ധനസഹായ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളിൽ അഭിരാജ്.R.S വള്ളി തുണ്ടിൽ വീട്, മാറനാട്, ജിൻഷ.എസ്.ബാബു, വാസവ വിലാസം എന്നീ വിദ്യാർത്ഥികൾ അൺ-എയ്ഡഡ് സ്കൂളിൽ പഠിക്കുന്നതിനാൽ ഇവരെ ഒഴിവാക്കിയപ്പോൾപകരം സീനിയോറിറ്റി പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ തൊട്ടുതാഴെയുള്ളവരെ പരിഗണിക്കാതെ ഒഴി വാക്കിയഅപേക്ഷകരുടെ കുടുംബത്തിലെ കുട്ടികളായ അഭിരാമി.ആർ.എസ്, വള്ളിതുണ്ടി ൽവീട് മാറനാട്, ജാസ്മിൻ.എസ്.ബാബു വാസവ വിലാസം എന്നിവരെ പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം പുതിയായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി സീനിയോറിറ്റിമാനദണ്ഡങ്ങൾ ലംഘിച്ചതായും, ആയതിന് വെട്ടിക്കവല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറും, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഉത്തരവാദികൾ ആണെന്നും വെളിവായിട്ടുള്ളതാണ്.<br>2)പഠനമുറി നിർമ്മാണത്തിനുള്ള അപേക്ഷ അംഗീകരിച്ച് ധനസഹായം നൽകിയിരിക്കുന്നതായി കാണപ്പെട്ട ചക്കുവരയ്ക്കൽ ഗാന്ധിഗ്രാം ആരതി ഭവനിൽ ആരതി രാജു, വെട്ടിക്കവല,കണ്ണംകോട് ശ്രീമന്ദിരത്തിൽ ശ്രീല, മേലില ചരുവിള പുത്തൻ വീട്ടിൽ അജയ് .S. പ്രദീപ് എന്നിവരുടെ അപേക്ഷകളിൽ പട്ടികജാതി വികസന ഓഫീസറുടെ വിശദമായ റിപ്പോർട്ട് എഴുതി ഒപ്പ് രേഖപ്പെടുത്തേണ്ട സ്ഥലത്ത് റിപ്പോർട്ട് എഴുതി ഒപ്പ് രേഖപ്പെടുത്തി കാണപ്പെട്ടിട്ടില്ലാത്തതാണ്. |
| 56 | കൊല്ലം | പട്ടികജാതി വികസന ആഫീസ്,കൊല്ലം കോർപ്പറേഷൻ | | പട്ടികജാതി വിഭാഗത്തിൽ പെട്ട അർഹരായ ബിരുദ വിദ്യാർത്ഥികൾക്ക് Laptop വാങ്ങുന്നതിനുള്ള സഹായം<br>കൊല്ലം കോർപ്പറേഷനിൽ പട്ടിജാതി വികസന വകുപ്പിന്റെ ഓഫീസിൽ 19.09.2023, 11.00 മണിക്ക് മിന്നൽ പരിശോധന നടത്തിയതിൽ 2019-20 സാമ്പത്തിക വർഷം കൊല്ലം കോർപ്പറേഷൻ പരിധിയിലുള്ള പട്ടികജാതി വിഭാഗത്തിൽപെട്ട അർഹരായ ബിരുദ വിദ്യാർത്ഥികൾക്ക് laptop വാങ്ങുന്നതിനായി 49,50,000 രൂപ അനുവദിച്ചിരുന്നതിൽ 165 കുട്ടികൾക്ക് പഠനാവശ്യത്തിന് ലാപ്പ്ടോപ്പ് നൽകുന്നതിനായി അർഹരായവരെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കി 27.02.2020-ൽ കൊല്ലം കോർപ്പറേഷനിൽ procurement committee തീരുമാന പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വീണ്ടും ഉൾപ്പെടുത്തി 22,895 രൂപ നിരക്കിൽ KELTRON-ൽ നിന്നും 17,17,125 രൂപ ചെലവഴിച്ച് 75 laptop-കൾ വാങ്ങി 75 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി പദ്ധതിക്കായി അനുവദിച്ചിരുന്ന 49,50,000 രൂപയിൽ 17,17,125 രൂപ മാത്രം ചെലവഴിച്ച് laptop വാങ്ങുകയും, ലാപ്പ്ടോപ്പ് വാങ്ങാനായി അനുവദിച്ചിരുന്ന തുകയിൽ 32,32,875 രൂപ ടി പദ്ധതിക്കായി വിനിയോഗിക്കാതിരുന്നതിനാൽ ടി തുക lapse ആയി പോകാൻ ഇടയായിട്ടുള്ളതും, തന്നിമിത്തം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 90 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പുകൾ ലഭിക്കാതിരിക്കാൻ ഇടയായത് ടി കാലയളവിൽ ടി പദ്ധതിയുടെ ചുമതല വഹിച്ചിരുന്ന പട്ടികജാതി വികസന ഓഫീസറായ ശ്രീ.ബിനോയ്.ആർ-ന് ഔദ്യോഗിക വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതാണ്. |
| **57** | **കോട്ടയം** | **SC 44/23/കെടിഎം** | **ഈരാറ്റുപേട്ട ബ്ലോക്ക് ഓഫീസ്** | 1) ഈരാറ്റുപേട്ട ബ്ളോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കായി പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായ ങ്ങൾ അർഹരായവരുടെ |
| **58** | **കോട്ടയം** | **SC 45/23/കെടിഎം** | **ഏറ്റുമാനൂർ മുനിസിപ്പാലിറ്റി** | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |
| **59** | **കോട്ടയം** | **SC 46/23/കെടിഎം** | **കാഞ്ഞിരപ്പള്ളി ബ്ലോക്ക്ഓഫീസ്** | ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 60 | പത്തനംതിട്ട | SC-39/2023/PTA | പത്തനംതിട്ട മുനിസിപ്പൽ ഓഫീസ് | SC-39/2023/PTA ഭൂരഹിത ഭവനരഹിത/പഠനമുറി/ഭവനനിർമ്മാണ പദ്ധതി<br>1. SC/ST പ്രോജക്ടുകളുടെ 2022-23, 2023-24 വർഷങ്ങളിലെ നിർവഹണ ചുമതലസർക്കാർ ഉത്തരവ് ജി. ഒ (പി)188 /2000/ LSGD തീയതി 04.07.2000, ജി ഒ (എം എസ്)10/2003/P & ARD തീയതി 12.05.2003ജി ഒ (എം എസ്)04/16/LSGD തീയതി 11.01.2016 (പട്ടികജാതി വികസനവകുപ്പ് ഡയറക്ടറുടെ 01.06.2016 തീയതിയിലെ No.Estt.A4.9793/15 സർക്കുലർ)ന് വിരുദ്ധമായി പ്രോജക്ടിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതിന് പകരം വിഷയ മേഖല മാനദണ്ഡമാക്കാതെ ഭൂരിപക്ഷം പ്രോജക്ടുകളുടെയും നിർവഹണചുമതല നഗരസഭയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിനെ ഏൽപ്പിച്ചിരിക്കുന്നു.<br>2. SC/ST വിഭാഗങ്ങൾക്കുള്ള 33/22-23, 12/21-22, 11/20-21, 19/21-22 എന്നീ നമ്പരായുള്ള പദ്ധതികളിൽ ഗുണഭോക്താക്കളെ കണ്ടെത്തിയത് സംബന്ധിച്ച് യാതൊരു രേഖകളും ടി പദ്ധതികളുടെ പ്രോജക്ട് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.<br>3. "Project No 42/22-23" ന്റെ ഗുണഭോക്തൃ ലിസ്റ്റ് വാർഡ്സഭ മിനിട്ട്സ് ബുക്കുമായി താരതമ്യം ചെയ്ത് പരിശോധിച്ചതിൽ അതത് വാർഡ് സഭയുടെ മിനിട്ട്സ് ബുക്കിൽ ഗുണഭോക്താവായി തെരഞ്ഞെടുത്തതായി രേഖപ്പെടുത്തിയിട്ടില്ലാത്ത 19 പേർ ടി പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു.<br>4. പത്തനംതിട്ട നഗരസഭ വാർഷിക പദ്ധതി 2022-23, വർഷത്തിലെ രണ്ടാമത്തെ വാർഡ് സഭ മിനിട്ട്സ് ബുക്ക് തയ്യാറാക്കാൻകോർഡിനേറ്റർമാരെ ചുമതലപ്പെടുത്തിയിരുന്നതും ടി വാർഡ് സഭ നടപടി ക്രമങ്ങളുടെ മൊത്തത്തിൽ ഉള്ള മേൽ നോട്ട ചുമതല മുനിസിപ്പൽ എൻജിനീയറെ ഏൽപ്പിച്ചിരുന്നതുമാണ്.എന്നാൽ 18, 31, 15, 7, 4, 24, 23 വാർഡ് കോർഡിനേറ്റർമാർ ടി വാർഡ് സഭ മിനിട്ട്സ് ബുക്കുകൾ ശരിയായി രേഖപ്പെടുത്താതെയും അപൂർണ്ണമായും വച്ചിരിക്കുന്നു |
| 61 | പത്തനംതിട്ട | SC-40/2023/PTA | തിരുവല്ല മുനിസിപ്പൽ ഓഫീസ്, തിരുവല്ല പട്ടികജാതിവികസന ഓഫീസ് | SC-40/2023/PTA ഭൂരഹിത ഭവനരഹിത/പഠനമുറി/ഭവനനിർമ്മാണ പദ്ധതി<br>1. തിരുവല്ല മുനിസിപ്പാലിറ്റിയുടെ പ്രൊജക്റ്റ് നമ്പർ 37/2022 പട്ടികജാതിയിൽപെട്ട യുവതി യുവാക്കൾക്ക് ഉപരി പഠനത്തിന് ലാപ്പ് ടോപ്പ് നൽകൽ എന്ന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം മുനിസിപ്പാലിറ്റിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത പ്രജിൻ.എം.പ്രസാദ്, മാടപ്പുറത്ത്, കാട്ടൂക്കര എന്നയാൾക്ക് തിരുവല്ല പട്ടികജാതി വികസന ഓഫീസിൽ നിന്നും ക്രമവിരുദ്ധമായി ലാപ്പ് ടോപ്പ് അനുവദിച്ചു നൽകി. |
| 62 | പത്തനംതിട്ട | SC-41/2023/PTA | പന്തളം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് | പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 18.06.2021 തീയതിയിലെ ഉത്തരവ് നമ്പർ ഡെവ.ബി2-7540/2021 നമ്പർ ഉത്തരവ് പ്രകാരം വാസയോഗ്യമായതും 800 Sqft വിസ്തൃതിയിൽ കുറഞ്ഞതും, മാതാപിതാക്കൾക്ക് 2 ലക്ഷം രൂപ വാർഷിക വരുമാനം ഉള്ളതുമായ വിദ്യാർത്ഥിയായ ഗുണഭോക്താവിനാണ് പഠനമുറി നിർമ്മാണ ധനസഹായ ആനുകൂല്യം ലഭിക്കുന്നത്. എന്നാൽ 2021-22 സാമ്പത്തിക വർഷം പന്തളം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലെ ഫയൽ നമ്പർ 16/2021 ലെ ഗുണഭോക്തൃ ലിസ്റ്റിലെ 11-ാംാം പേരുകാരനായ പന്തളം തെക്കേക്കര പഞ്ചായത്തിൽ ഉൾപ്പെട്ട അമൽ, S/o എം. എൻ രാമചന്ദ്രൻ, അമൂല്യം പൊങ്ങലടിഎന്നഗുണഭോക്താവായ വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മാണ ആനുകൂല്യം അനധികൃതമായി നൽകിയതായി കാണുന്നു. 1156 Sqft. വിസ്തൃതിയുള്ള വീട് ഉണ്ടായിട്ടും ടി ആനുകൂല്യം ടിയാൾ നേടിയെടുത്തത്അനധികൃതമായിട്ടാണെന്നും അന്നത്തെ പന്തളം ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസറായ വിജി.ജി.എസ് (PEN-227364) എന്നയാൾ യാതൊരു പരിശോധനയും നടത്താതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത് അസി. എൻജിനീയർ 13-ാംാം വാർഡിലെ 486-ാംാം നമ്പർ വീടിന്റെ വിസ്തൃതിയെപ്പറ്റി സാക്ഷ്യപ്പെടുത്തി നൽകിയ സർട്ടിഫിക്കറ്റ് |
| 63 | പത്തനംതിട്ട | SC-42/2023/PTA | കോന്നി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് | SC 42/2023/PTA **<u>ഭൂരഹിത ഭവനരഹിത/പഠനമുറി/ഭവനനിർമ്മാണ പദ്ധതി</u>**<br>1. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് വീടു നിർമ്മിയ്ക്കുന്നതിന് മിനിമം 05 സെന്റ് വസ്തു വാങ്ങുന്നതിന് 3.75 ലക്ഷം രൂപയാണ് നൽകി വരുന്നത്. ഇപ്രകാരം ധനസഹായം ലഭിച്ച ഭൂരിഭാഗം ഗുണഭോക്താക്കൾക്കും ലഭ്യമായതും ഗതാഗത സൗകര്യം പരിമിതമായതുമായ ഭൂരിഭാഗം ഭൂമിയ്ക്കും 3.75 ലക്ഷം രൂപ മാർക്കറ്റ് വാല്യു ഉള്ളതായി കാണപ്പെടുന്നില്ല. ഗുണഭോക്താക്കൾക്ക് ഭൂമി വിലയാധാരം നൽകുന്ന വസ്തു ഉടമയുടെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന 3.75 ലക്ഷം രൂപയിൽ നിന്നും മാർക്കറ്റ് വില കഴിച്ചുള്ള തുക ഉദ്യോഗസ്ഥരും ഇടനിലക്കാരും ചേർന്ന് കൈക്കലാക്കുന്നതിന് സാഹചര്യം ഉളവാകുന്നുണ്ട്.<br>2. ഒരേ ഗുണഭോക്താവിനു തന്നെ വസ്തു വാങ്ങുന്നതിനും, വീടു വെയ്ക്കുന്നതിനും, പഠന മുറി ഒരുക്കുന്നതിനും കാലി തൊഴുത്ത് നിർമ്മിയ്ക്കുന്നതിനും ഉള്ള ധന സഹായം ലഭിയ്ക്കുന്നതായി കാണപ്പെട്ടിട്ടുള്ളതും, ആയതുവഴി അർഹരായ മറ്റുപലർക്കും ധനസഹായം ലഭിയ്ക്കാതെ പോകുന്നതിനുള്ള അവസ്ഥ സംജാതമാകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ